12776
22/8/16

# GOVERNMENT OF KERALA
## Abstract

Pension- Revision of pension/family pension in respect of persons directly recruited to the personal staff of Chief Minister, Ministers, Leader of Opposition and Government Chief Whip- Sanctioned - Orders issued.

---

## FINANCE (PENSION - B) DEPARTMENT

**G.O.(P).No.116 /2016/Fin.** **Dated, Thiruvananthapuram, 15/08/2016**

---

Ref : 1) G.O.(P) No.9/2016/Fin dated 20.01.2016

## ORDER

Consequent to the revision of pension/family pension and other related benefits of State Government pensioners and family pensioners as per Government Order read above, Government are pleased to revise the rate of pension/family pension in respect of persons directly recruited to the personal staff of Chief Minister, Ministers, Leader of Opposition and Government Chief Whip as follows:

i) The minimum rate of pension is enhanced to Rs.2400/- per month and is applicable to all who are now in receipt of minimum pension.

ii) In the case of those who retire on or after 01-07-2014, the pension shall be worked out on the basis of average emoluments on the revised scale of pay with full pension of 50% of average emoluments for 30 years of service and proportionate reduction for service less than 30 years.

Iii) In the case of those who were in receipt of pension prior to 01.07.2014 their pension shall be revised by merging 80% DR and 18% fitment benefit on the existing pre-revised basic pension.

iv) The Family Pension of the Personal Staff of Chief Ministers,Ministers, Leader of Opposition and Government Chief Whip is enhanced to Rs.2400/- per month.

v) The existing rate of medical allowance applicable to the pensioners/family pensioners ie, Rs.300/- per month, shall be continued.

vi) The arrears in respect of pension/family pension shall be paid as lump sum.

vii) The maximum pension will be Rs.60,000/- (ie. maximum pension of state pensioners)

viii) The date of effect of this order shall be from 01/07/2014.

By Order of the Governor,

**DR.K.M.ABRAHAM**
Additional Chief Secretary(Finance)

To

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Principal Accountant General (G&SSA),Kerala, Thiruvananthapuram.
The Accountant General (E&RSA),Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments (All Sections) of the Secretariat including Law Department.
The General Administration(SC)Deapartment-vide decision of Council dated 10-08-2016 under Item No.182.
The Secretary, Kerala Public Service Commission,Thiruvananthapuram (with C.L).
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to Speaker, Deputy Speaker, the Leader of Opposition and Government Chief Whip.
The Private Secretaries to Chief Minister and other Ministers.
The Additional / Deputy Secretary to Chief Secretary.
The Secretary, Ombudsman for Local Self Government Institutions, Thiruvananthapuram.
The Secretary, Kerala State Human Rights Commission, Thiruvananthapuram.
The Registrar, High Court, Ernakulam (with CL).
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Director of Treasuries , Thiruvananthapuram.
The Director, Information and Public Relations, Thiruvananthapuram.
The Advocate General, Kerala, Ernakulam.
The Chief Information Commissioner, Kerala, Thiruvananthapuram.
All District Treasury Officers/Sub Treasury Officers.
The Public Relation Departtment.
The Nodal Officer, www.finance.kerala.gov.in for publishing on the website.
The Information Officer,Web and New Media Division,Information and Public Relations Department, Government Secretariat.(For publishing in Kerala Government Website)
Stock File / Office Copy.

**Forwarded/By Order**

**Section Officer**

182

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ.ബി1/22/2016/ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പെൻഷൻ/കുടുംബ പെൻഷൻ മെഡിക്കൽ അലവൻസ് [illegible] 01.07.2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.07.2016 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | എ.എസ്.സഫിയ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ. എം. എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.07.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.07.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. റ്റി.എം. തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.08.2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.08.2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പെൻഷൻ, കുടുംബപെൻഷൻ, മെഡിക്കൽ അലവൻസ് എന്നിവ 1/07/2014 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഫയലിലെ വിഷയം.

2. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ ശമ്പള സ്കെയിലുകൾ 01/07/2014 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് കൊണ്ട് 08/04/2016 തീയതിയിലെ സ.ഉ.(അച്ചടി)നം. 2341/2016/പൊ.ഭ.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിച്ചവരുടെ ശമ്പളം പരിഷ്കരിച്ചിട്ടുള്ളതിനാൽ വിരമിച്ചവരുടെ പെൻഷൻ താഴെപ്പറയുന്ന തത്വം അനുസരിച്ച് പരിഷ്കരിക്കാവുന്നതാണ്.

**i) മിനിമം പെൻഷൻ**

23.05.2012 ലെ സ.ഉ.അച്ചടി. നം. 297/12/ധന ഉത്തരവ് പ്രകാരം പെൻഷൻ പരിഷ്കരിച്ചപ്പോൾ സർവ്വീസ് പെൻഷൻകാരുടെ കാര്യത്തിലെന്നതുപോലെ നിലവിലുള്ള മിനിമം പെൻഷനിൽ 64% ക്ഷാമാശ്വാസവും 12% ഫിറ്റ്മെന്റ് ആനുകൂല്യവും ലയിപ്പിച്ച് പുതുക്കിയ മിനിമം പെൻഷൻ കണക്കാക്കുന്ന രീതിയാണ് അവലംബിച്ചത്.

600+384(64% ക്ഷാമാശ്വാസം)+72(12% ഫിറ്റ്മെന്റ് )

=1056 രൂപ(ആയിരം രൂപയായി നിജപ്പെടുത്തി)

എന്നിരുന്നാലും മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള അംഗീകാരത്തിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ അന്നത്തെ മുഖ്യമന്ത്രി മിനിമം പെൻഷൻ 1200 രൂപയാക്കി ഉയർത്താൻ നിർദ്ദേശം നൽകി.

2014 മുതൽ ശമ്പള പരിഷ്കരണം നടപ്പായ സാഹചര്യത്തിൽ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പെൻഷൻ 2400 രൂപയായി ഉയർത്താം.

[സംസ്ഥാന ഗവൺമെന്റ് പെൻഷൻകാരുടെ കാര്യത്തിലെന്നതുപോലെ നിലവിലുള്ള മിനിമം പെൻഷനിൽ 80% ക്ഷാമാശ്വാസവും 18% ഫിറ്റ്മെന്റ് ആനുകൂല്യവും ലയിപ്പിച്ച് താഴെക്കാണുംവിധം പുതുക്കിയ മിനിമം പെൻഷൻ കണക്കാക്കാം:

1200+960(80% ക്ഷാമാശ്വാസം)+216 (18% ഫിറ്റ്മെന്റ്)

= 2376 രൂപ ( 2400 രൂപയായി നിജപ്പെടുത്തി)]

ii) 01.07.2014 നോ അതിന് ശേഷമോ വിരമിച്ചവരുടെ പെൻഷൻ, പുതുക്കിയ ശമ്പള സ്കെയിൽ പ്രകാരമുള്ള ശരാശരി വേതനത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാം. അങ്ങനെ കണക്കാക്കുന്ന ശരാശരി വേതനത്തിന്റെ 50%, 'ഫുൾ പെൻഷൻ' ആയി മുപ്പത് വർഷമോ അതിലധികമോ സേവനദൈർഘ്യമുള്ളവർക്ക് അനുവദിക്കാം. മുപ്പത് വർഷത്തിൽ കുറഞ്ഞ സേവനദൈർഘ്യമുള്ളവരുടെ പെൻഷനിൽ, സേവനകാലയളവ് കുറയുന്നതിന് ആനുപാതികമായി കുറവ് വരുത്താം.

iii) 01.07.2014 ന് മുമ്പ് വിരമിച്ചവരുടെ കാര്യത്തിൽ പരിഷ്കരണത്തിനു മുമ്പ് നിലവിലുണ്ടായിരുന്ന അടിസ്ഥാന പെൻഷൻ തുകയിൽ 80%ക്ഷാമാശ്വാസവും 18% ഫിറ്റ്മെന്റ് ആനുകൂല്യവും ലയിപ്പിച്ച് പെൻഷൻ പരിഷ്കരിക്കാം.

iv) 14.02.2016 ലെ സ.ഉ (അച്ചടി) 22/16/ധന ഉത്തരവ് പ്രകാരം മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ കുടുംബപെൻഷൻ പ്രതിമാസം 1200/- രൂപയാക്കി ഉയർത്തി ഉത്തരവായിരുന്നു. പ്രതിമാസ കുടുംബപെൻഷൻ മിനിമം പെൻഷൻ തുകയ്ക്ക് തുല്യമായ 2400/- രൂപയായി ഉയർത്താം.

v) പെൻഷൻകാരുടെയും കുടുംബപെൻഷൻകാരുടെയും മെഡിക്കൽ അലവൻസ് പ്രതിമാസം 300 രൂപ നിരക്കിൽ തുടർന്നും നൽകാം.

vi) പെൻഷൻ/കുടുംബപെൻഷൻ പരിഷ്കരണത്തെത്തുടർന്നുള്ള കുടിശ്ശിക ഒറ്റത്തവണയായി നൽകാം.

vii) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പരമാവധി പെൻഷൻ സ്റ്റേറ്റ് പെൻഷൻകാരുടെ മാക്സിമം തുകയായ 60,000/- രൂപയായി നിജപ്പെടുത്താം.

viii) പെൻഷൻ പരിഷ്കരണ ഉത്തരവിന് 01/07/2014 മുതൽ മുൻകാല പ്രാബല്യം നൽകാം.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പെൻഷൻ താഴെപ്പറയും വിധം പരിഷ്കരിക്കാമോ.

i. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ മിനിമം

പെൻഷൻ പ്രതിമാസം 1200/- രൂപ നിരക്കിൽ നിന്ന് പ്രതിമാസം 2400 രൂപയായി ഉയർത്തേണ്ടതാണ്.

ii. 01.07.2014 നോ അതിന് ശേഷമോ വിരമിച്ചവരുടെ പെൻഷൻ, പുതുക്കിയ ശമ്പള സ്കെയിൽ പ്രകാരമുള്ള ശരാശരി വേതനത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതാണ്. അങ്ങനെ കണക്കാക്കുന്ന ശരാശരി വേതനത്തിന്റെ 50%, ഫുൾ പെൻഷൻ എന്ന നിലയിൽ മുപ്പത് വർഷമോ അതിലധികമോ സേവനദൈർഘ്യമുള്ളവർക്ക് നൽകാവുന്നതാണ്. മുപ്പത് വർഷത്തിൽ കുറഞ്ഞ സേവനദൈർഘ്യ മുള്ളവരുടെ പെൻഷൻ സേവനകാലയളവ് കുറയുന്നതിനനുസരിച്ച് ആനുപാതികമായി കുറയുന്നതാണ്.

iii. 01.07.2014 ന് മുമ്പ് വിരമിച്ചവരുടെ കാര്യത്തിൽ പരിഷ്കരണത്തിനു മുമ്പ് നിലവിലുണ്ടായിരുന്ന അടിസ്ഥാന പെൻഷൻ തുകയിൽ 80% ക്ഷാമാശ്വാസവും 18% ഫിറ്റ്മെന്റ് ആനുകൂല്യവും ലയിപ്പിച്ച് പെൻഷൻ പരിഷ്കരിക്കേണ്ടതാണ്.

iv. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നിയമനം ലഭിച്ചവരുടെ കുടുംബപെൻഷൻ പ്രതിമാസം 1200/- രൂപയിൽ നിന്ന് പ്രതിമാസം 2400/- രൂപയായി ഉയർത്തേണ്ടതാണ്.

v. പെൻഷൻകാരുടെയും, കുടുംബപെൻഷൻകാരുടെയും മെഡിക്കൽ അലവൻസ് പ്രതിമാസം 300/- രൂപ നിരക്കിൽ തുടർന്നും നൽകേണ്ടതാണ്.

vi. പെൻഷൻ/കുടുംബപെൻഷൻ പരിഷ്കരണത്തെ തുടർന്നുള്ള കുടിശ്ശിക ഒറ്റ ഗഡുവായി നൽകേണ്ടതാണ്.

vii. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽസ്റ്റാഫിൽ നിയമനം ലഭിച്ചവരുടെ പരമാവധി പെൻഷൻ 60,000 രൂപ (സ്റ്റേറ്റ് പെൻഷൻമാരുടെ മാക്സിമം പെൻഷൻ) യായി നിജപ്പെടുത്തേണ്ടതാണ്.

viii. പെൻഷൻ പരിഷ്കരണ ഉത്തരവിന് 01/07/2014 മുതൽ മുൻകാല പ്രാബല്യം നല്കേണ്ടതാണ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-08-2016.

ഫയൽ നം.പെൻ.ബി1/22/2016/ധന. ഇനം നം: 182

വിഷയം : ധനകാര്യ വകുപ്പ് - മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ പെൻഷൻ/കുടുംബ പെൻഷൻ, മെഡിക്കൽ അലവൻസ് എന്നിവ 01.07.2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11/8/16

JS/Pen
12/8

18/8/16